Registered No. M-4485 Madras War Review, Malayalam—5-5-1944

# യുദ്ധസഞ്ചിക

വോള്യം III] മകിരാശി: 1944 മേയി 5-ാംനു, വെള്ളിയാഴ്ച [ലക്കം 35

## ഒരുമിച്ചുള്ള അടികൊണ്ടുമാത്രമേ ഹിററ്ലറുടെ ജർമ്മനിയെ തകർക്കുവാൻ സാധിക്കൂ



നമ്മുടെ സഖ്യശക്തികൾ, അമേരിക്കൻ ഐക്യനാടുകളും ബ്രിട്ടനും, ഇററാലിയൻ സമരമുഖത്തിൽ ജർമ്മൻകാരോടെതിരിടുന്നതിന്നു ചെമ്പടയെ ഗണ്യമായി സഹായിച്ചുവരുന്നു. നമുക്കു ആവശ്യമുള്ള സകല യുദ്ധോപകരണങ്ങളും നല്കിയും, ജർമ്മനിയുടെ യുദ്ധസങ്കേതങ്ങളെ ബോമ്പിനു വിധേയമാക്കിയും ജർമ്മനിയുടെ സൈനികശക്തിയെ അവർ അമർത്തുകയാണ്.

ഈ വിജയകരമായ പ്രത്യാക്രമണത്തിന്റെ ഫലമായി, ജർമ്മനി കൈയേറിയിരുന്ന നമ്മുടെ രാജ്യത്തിന്റെ മുക്കാൽഭാഗത്തോളം ഫാസിദാസ്യത്തിൽനിന്നു വീണ്ടെടുത്തു്, നമ്മുടെ ചെമ്പട 250 മൈലോളം പുരോഗമിച്ചിട്ടുണ്ടു്. മാതൃഭൂമിയായ സോവിയററ് ഐക്യ രാഷ്ട്രത്തെ ആകമാനം ഫാസി അക്രമികളിൽനിന്നു രക്ഷപ്പെടുത്തി, കരിങ്കടൽ മുതൽ ബേറൻറു കടൽ വരെയുള്ള അതിന്റെ അതിർത്തിപ്രദേശത്തെ ഉറപ്പിക്കുകയെന്നതാണ് നമ്മുടെ ഇനിയത്തെ ജോലി.

മുറിപ്പെട്ടു, തന്റെ ഗുഹയിലേക്കു വിരണ്ടോടി, മുറിയാറുവോളം ചുരുണ്ടു കിടക്കുവാൻ പ്രേരിതനായ ഒരു ദുഷ്ടമൃഗത്തോടു ജർമ്മൻ സൈന്യത്തെ ഇപ്പോളുപമിക്കാം. പക്ഷെ, മുറിപ്പെട്ടു കൂട്ടിൽ കിടക്കുന്ന മൃഗം ആപൽക്കാരിയല്ലെന്നു വിചാരിച്ചുപോകരുതു്.

നമ്മുടെയും, നമ്മുടെ സഖ്യ രാജ്യങ്ങളുടെയും അടിമത്തം നാമാവശേഷമാക്കുന്നതിലേക്കു്, ആ വ്രണിത ജർമ്മൻ ദുഷ്ടമൃഗത്തെ, വേട്ടയാടി അതിന്റെ കൂട്ടിൽവെച്ചുതന്നെ കഥകഴിക്കേണ്ടതത്യാവശ്യമാണ്.

ഇങ്ങിനെ ശത്രുവിനെ വേട്ടയാടുന്നതോടുകൂടി, നമ്മോടു ചേർന്നുനില്ക്കുന്ന പോളുകാർ, ചെക്കോസ്ലോവാക്കിയർ തുടങ്ങിയ മററു പശ്ചിമ യൂറോപ്യരേയും, ഹിററ്ലറുടെ ചവിട്ടടിയിൽനിന്നു മോചിപ്പിക്കണം. ജർമ്മൻ സൈന്യത്തെ സോവിയററു അതിർത്തികളിൽനിന്നോടിക്കുന്നതിലും പ്രയാസമേറിയ ഒരു പ്രവൃത്തിയാണിതെന്നുള്ളതു പ്രത്യക്ഷമാണ്.

സോവിയററുകാരും, ബ്രിട്ടീഷുകാരും, അമേരിക്കൻ ഐക്യ രാജ്യക്കാരും ഒത്തുചേർന്നെതിർത്തെങ്കിൽമാത്രമേ; അഥവാ, കിഴക്കുനിന്നു നമ്മുടെ സൈന്യങ്ങളും, പടിഞ്ഞാറുനിന്നു സഖ്യസൈന്യങ്ങളും ഒരുമിച്ചടിച്ചാൽമാത്രമേ, ഇതു സാധിക്കുകയുള്ളൂ.

ഇങ്ങിനെയുള്ള ഒരു ഒത്തുകൂടിയ അടികൊണ്ടുമാത്രമേ ഹിററ്ലറുടെ ജർമ്മനിയെ പരിപൂർണ്ണമായി തകർക്കാൻ സാധിക്കുകയുള്ളൂ എന്നതിന്നു് സംശയമില്ല.

—മാർഷൽ സ്റ്റാലിന്റെ മേ ദിനാഘോഷ സന്ദേശത്തിൽനിന്നു്

## ഉള്ളടക്കം


| | ഭാഗം |
|---|---|
| ഒരമിച്ചുള്ള അടികൊണ്ടു മാത്രമേ ഹിററ്‌ലരുടെ ജമ്മനിയെ തകക്കാൻ സാധിക്കൂ. | 1 |
| വത്തമാനച്ചുരുക്കം .. .. .. | 2 |
| ആഴ്ചക്കുറിപ്പുകൾ .. .. .. | 3, 4 |
| റക്ഷ്യ .. .. .. .. | 5, 6 |
| അരാക്കനിലെ ജാപ്പാൻകാരെ മലോസിത്തോക്കുകാർ ചുട്ടുപൊളിക്കുന്നു. | 6 |
| വിദേശങ്ങളിലെ ഇന്ത്യക്കാക്കായി സർദാർ കെ. എം. പണിക്കർ ചെയ്ത പ്രക്ഷേപിണി പ്രസംഗം. | 7 |
| ഒരു വീരബാലൻ .. .. .. | 8 |
| ഒരു സങ്കല്പ ഭാഷണം .. .. .. | 9 |
| പദ്യങ്ങൾ .. .. .. .. | 10 |
| മററൊരു രംഗം .. .. .. | 11 |
| പദ്യങ്ങൾ .. .. .. .. | 12 |


# വത്തമാനച്ചുരുക്കം

ഇന്ത്യൻ ദുരിതനിവാരണക്കമ്മിററി വീണ്ടും 20,000 ഉറുപ്പിക വിതരണാത്ഥം മിസ്സിസ് വിജയലക്ഷ്മി പണ്ഡിററിൻെറ പേക്കു കേബിൾ മൂലം അയച്ചിരിക്കുന്നു.

*   *   *

വിമാനാക്രമണത്തിൽ അപായം നേരിട്ടവരുടെ രക്ഷണത്തിനായി ലണ്ടനിലെ മേയർ ഏർപ്പെടുത്തിയിരിക്കുന്ന നിധിയിലേക്കു വീണ്ടും 1,01,470 ഉറുപ്പികയിൽ ചില്വാനം സംഭാവന ലഭിച്ചിരിക്കുന്നു. ഇതു ഇന്ത്യ ഉൾപ്പെടെയുള്ള ബ്രിട്ടീഷു സാമ്രാജ്യമൊട്ടാകെ ഉപയോഗിക്കാനുള്ളതാണ്.

*   *   *

ടെഹെറാനിലെ ഇന്ത്യ നിവാസികൾ ഗോർഗാൻ ഭൂകമ്പത്തിലുണ്ടായ ദുരിതങ്ങളെ പരിഹരിക്കുവാനായി 30650 റിയൽസി (Rials) നുള്ള ഒരു ചെക്കു അവിടത്തെ പ്രധാനമന്ത്രിയെ ഏല്പിച്ചിരിക്കുന്നു.

*   *   *

മദിരാശിയിലെ ചില തൊഴിലാളി സംഘടനകൾ യോഗംകൂടി, പട്ടണത്തിലെ തൊഴിലാളികളിൽ ഒരു ലക്ഷം പേക്കു പ്രതിദിനം ഒരു മണിക്കൂർ വീതമെങ്കിലും യുദ്ധപരിശീലനം നൽകണമെന്നും, ഫലപ്രദമായി കാണുന്നപക്ഷം നാട്ടിൻപുറങ്ങളിലേക്കും ആ പ്രസ്ഥാനം നടപ്പാക്കണമെന്നും, ഗവമ്മേണ്ടിനോടു അഭ്യത്ഥിച്ചിരിക്കുന്നതായറിയുന്നു. ഇങ്ങിനെ ചെയ്യുന്നതായാൽ രാജ്യരക്ഷണത്തിന്നു തന്നാൽ കഴിയുന്നതു പ്രവത്തിക്കുവാൻ എല്ലാവരും പ്രാപ്തരാകുമെന്നു പ്രതീക്ഷിക്കാം.

*   *   *

ഇന്ത്യാ ഗവമ്മേണ്ടിൻെറ ഒരു പ്രസിദ്ധീകരണത്തിൽനിന്ന് മൊത്തത്തിൽ 146 ടൌണുകളിലായി 25,000,000 ജനങ്ങളുടെയിടയിൽ ആഹാരം വീതം നിശ്ചയിച്ചിരിക്കുന്നതായറിയുന്നു. അവയിൽ ഏററവും മുന്നണിയിൽ നില്ക്കുന്നതു മദിരാശി സംസ്ഥാനമാണ്. ആകെ 50 ടൌണുകളിലാണ് മദിരാശി സംസ്ഥാനത്തിൽ വിഹിതം നടപ്പിൽവന്നിരിക്കുന്നതു്.

*   *   *

60 മില്യൻ ഡോളർ ചിലവുചെയ്തു പണികഴിച്ചതും, 500,000 റാത്തൽ ഭാരം വിമാനങ്ങൾ വഹിക്കാവുന്നതും, 800 അടി നീളമുള്ളതുമായി 'ബോൺ ഹോം റിച്ചാർഡ്' എന്ന ഒരു വിമാനവാഹി ന്യൂയോക്കിൽ പ്രവൃത്തിക്കായി ഇറക്കിയിരിക്കുന്നു.


## എച്ച്. പി. പി.

### ആവശ്യത്തിലധികം കൈവശംവെച്ചുകൊണ്ടിരുന്നാൽ

തനിക്കും കുടുംബത്തിന്നും മൂന്നു മാസത്തേക്കോ, അഥവാ തനിക്കു ന്യായമായി പ്രത്യേകം അനുമതി ലഭിച്ചിട്ടുള്ള കാലത്തേക്കോ ആവശ്യമുള്ളതിലധികമായി, സിവിൽ സപ്പൈസ് കണ്ട്രോളർ ജനറലിനാൽ നിർദ്ദേശിക്കപ്പെട്ട ഏതെങ്കിലും സാധനം കൈവശം വെച്ചുകൊണ്ടിരിക്കുന്ന വിനിയോക്താവ് (consumer), 1943 ലെ സംഭരണാതിലാഭ നിരോധന നിയമത്തിലെ 7-ാം വകുപ്പിൻ പ്രകാരം ശിക്ഷാർഹനാണ്.

ഓമ്മിക്കുക : നിങ്ങൾ സംഭരിച്ചു വെക്കാതിരുന്നാൽ മററുള്ളവക്കു കൂടുതൽ ലഭിക്കും.

എല്ലാവരും ദിവസം പ്രതി കാലണവീതം സമ്പാദിക്കുന്നതായാൽ ഒരു കൊല്ലത്തിൽ 250 കോടി ഉറുപ്പിക ഇന്ത്യക്കു സമ്പാദ്യമാകും.

ഇന്ത്യയുടെ ഉദ്ധാരണത്തിന്നായി ഈ പ്രസ്ഥാനത്തിൽ ചേരുക.

ദേശീയ സമ്പാദ്യപത്രം വാങ്ങുക


## ഒരു വീരഭടൻെറ വിചാരം

(ശ്രീ കെ. കെ. ജി. പിള്ള)

(കളകാഞ്ചി)

വിജയമിഹ വിജയമിഹ ബ്രിട്ടീഷ് ജയക്കൊടി
വീരാനുമോദേന പാറിപ്പറക്കണേ !
വിമതകുലമഖിലമിഹ വിണ്ടലത്താക്കി ഞാൻ
വിജ്ഞാപനം ചെയ്തു പോരുന്നു നിർഭയം.
കരളിലണു കരുണകണികാണ്മാനുമില്ലാത്ത-
കശ്മലർ കള്ളക്കരിങ്കുററർതൻ തന്നു
കടലിലെഴുമഖില ജലജന്തുവ്രജത്തിന്നു
കാഴ്ചവെക്കും മമവീര കൃപാണിക.
ഭയമിയലുമഹിതരുടെ ദീനാനുരോദനം
ഭാരതാംബാ മമ വീരസൂകേൾക്കണം
കപടകുലമഖിലമിഹ ശത്രുക്കളങ്ങിനെ
കക്കശ ബുദ്ധികളെല്ലാമൊടുങ്ങണം
വിബുധകുല വിനുതിപര മുച്ചൈസ്വരംകേട്ടു-
വീരമാതാവും വിനോദമാന്നീടണം.
വിജയമിഹ വിജയമിഹ ബ്രിട്ടീഷ് ജയക്കൊടി
വീരാനുമോദേന പാറിപ്പറക്കണേ !

ഇൻഡോ-ബൎമ്മാ രംഗങ്ങളിൽ ഗതാഗതസൌകര്യപരമായുണ്ടായിരുന്ന യുദ്ധം മിക്കവാറും തീൎന്നു എന്നു പറയാം. ഒരു മാസത്തിന്നു മേൽ, ഭയങ്കരമായ യുദ്ധം നടത്തി, കൊഹിമായും ഇംഫാലും പിടികൊടുക്കാതെ ശത്രുക്കളോടു ചെറുത്തുനിന്നതായ പതിന്നാലാം സൈന്യത്തിന്നാണ് മഹനീയ സേവനത്തിന്റെ പ്രശസ്തി ലഭിക്കുന്നത്. ആ രംഗത്തിലെ ഈ നിലയെ അടിസ്ഥാനമാക്കിക്കൊണ്ട്, ജാപ്പാൻകാരുടെ കേന്ദ്രങ്ങൾ കണ്ടുപിടിച്ചു, ഈ റോഡുകൾ ഉപയോഗപ്പെടുത്താൻ സൌകര്യമില്ലാത്തവിധം അവരെ അമൎത്തുന്ന വിഷയത്തിൽ, സംഖ്യസൈന്യങ്ങളുടെ സകല ശക്തിയും വിനിയോഗിക്കുന്നതായി, തെക്കുകിഴക്കൻ സൎവ്വ സൈന്യാധിപതി മൌണ്ട്ബാറ്റൻ പ്രഭു കഴിഞ്ഞ ശനിയാഴ്ച ചൂണ്ടിക്കാണിച്ചിരിക്കുന്നു. സഖ്യശക്തികളുടെ പ്രസ്തുത പ്രവൎത്തനങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന അവസരത്തിൽ, ഈ അതിൎത്തിദേശം, അരാക്കാൻ മുതൽ ചിൻഡ്വിനിലും ഹുക്കാങ്ങ് താഴ്വരകളിലും കൂടി യൂനാൻവരെ 800 മൈൽ വിസ്താരത്തിൽ കിടക്കുന്നു എന്നതു സശ്രദ്ധം അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. ആ കൊടുംകാട്ടുപ്രദേശങ്ങളിൽ, ഉൾവഴികൾക്കുള്ള സൌകര്യം ശത്രുക്കൾക്കു ഉണ്ടായിരിക്കുന്നതുകൊണ്ട്, ഇപ്പോഴുള്ള സൈന്യങ്ങളെക്കൊണ്ടു, അഗാധമായ കടന്നാക്രമണങ്ങളിൽനിന്നു അവരെ തടയുന്നത്, അത്ര എളുപ്പമല്ല. ജാപ്പാൻകാരുടെ ഇംഫാലാക്രമണമാകട്ടെ അപ്രതീക്ഷിതമായിരുന്നില്ല. അതിനെപ്പറ്റി മൌണ്ട്ബാറ്റൻ പ്രഭു പറയുന്നു: "അതിന്റെ ഉദ്ദേശം ഒട്ടൊക്കെ രാഷ്ട്രീയ പ്രചരണമായിരുന്നു.

## ആഴ്ചക്കുറിപ്പുകൾ

വിജയസൂചനകൊണ്ട് ജാപ്പാൻകാരുടെ ആത്മവിശ്വാസത്തെ ദൃഢതരമാക്കണമെന്നാണ് ടോക്കിയോ ആഗ്രഹിക്കുന്നത്, പക്ഷെ, അതു് നിഷ്ഫലമായി. "വിജയങ്ങൾ," "വിനാശങ്ങൾ," "ഡെൽഹി യാത്ര" തുടങ്ങിയ വമ്പു വാക്കുകൾ ശ്രോതാക്കളോടു ഇതുവരെ വിളിച്ചുപറഞ്ഞിരുന്ന ടോക്കിയോ റേഡിയോ, ഇതാ ഇപ്പോൾ ക്ഷമാപണസ്വരത്തിൽ താണിരിക്കുന്നു. ഏപ്രിൽ 22-ാം തിയ്യതിയിലത്തെ ഒരു ടോക്കിയോ പ്രക്ഷേപണത്തിൽ, തങ്ങളുടെ ആഗ്രഹം വിഫലമായിപ്പോയതിനെക്കുറിച്ചു "ശത്രുക്കൾ ജാപ്പാൻകാരോടു ഏറ്റവും ഫലപൂൎണ്ണമായി എതിരിടുന്നു" എന്നു കാണുന്നു.

ജാപ്പാൻകാരുടെ ഉദ്ദേശങ്ങളിൽ ഒന്നു രാഷ്ട്രീയ പ്രചരണമാണെന്നു മൌണ്ട്ബാറ്റൻ പ്രഭു സൂചിപ്പിച്ചല്ലോ. ഉത്തര ബൎമ്മയിൽ പ്രവൎത്തനം നടത്തുന്ന സ്റ്റിൽവെൽ പ്രഭുവിന്റെ സൈന്യങ്ങൾക്കു ഭക്ഷണസാധനങ്ങൾ എത്തിച്ചുകൊടുക്കാൻ സാധിക്കാത്തവിധം മണിപ്പൂർ റോഡു മറിക്കുകയെന്നതായിരുന്നു ജാപ്പാൻകാരുടെ മുഖ്യോദ്ദേശം എന്നു ഇപ്പോൾ വെളിവായി.

ആസ്സാമിൽ നടക്കുന്ന ഈ യുദ്ധം പൂൎവ്വേഷ്യൻ പ്രദേശത്തെ വലിയ യുദ്ധത്തിന്റെ ഒരു ഭാഗമായതുകൊണ്ട്, അതിന്റെ പ്രാധാന്യം ശരിയായി ഗ്രഹിക്കുന്നതു നന്നായിരിക്കും. നാം ജാപ്പുകാരുടെ ഗതാഗതസൌകര്യങ്ങളെ മുടക്കി, മിട്കിനാ നിരോധനം നടത്തിയിരുന്ന ജാപ്പാൻ സൈന്യത്തിനെ കഷ്ടപ്പെടുത്തുന്ന വിഷയത്തിൽ ചെയ്തിട്ടുള്ളതിന്റെ പകുതിപോലും, ബൎമ്മാ രംഗത്തിൽ നമ്മുടെ ഗതാഗതങ്ങളെ മുടക്കുന്ന വിഷയത്തിൽ അവൎക്കു ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഈ ആസ്സാം രംഗങ്ങളിൽ, ജാപ്പാൻകാർ കൂടുതൽ കൂടുതൽ കൊടുംകാട്ടിലേക്കു കടക്കുംതോറും, കടലിലും കരയിലും വെച്ചുള്ള നമ്മുടെ ആക്രമണങ്ങൾക്കു വിധേയമായേക്കാവുന്ന സ്ഥലങ്ങളിൽക്കൂടി കൊണ്ടുചെല്ലേണ്ട ആഹാരസാധനങ്ങളെ അവർ ആശ്രയിക്കേണ്ടിയിരിക്കുന്നു. സബാങ്ങ് ആക്രമണംകൊണ്ടു തെളിയുന്നത്, കടലിലെ യുദ്ധത്തിനെ സംബന്ധിച്ചേടത്തോളം, ശത്രുക്കളെ കുഴക്കാൻ നമുക്കു വേറേയും വിദ്യകളുണ്ടെന്നാണ്. മൌണ്ട്ബാറ്റൻ പ്രഭുവിന്റെ പ്രവൎത്തനകേന്ദ്രം സിലോണിലേക്കു മാറ്റിയതും, ഇന്ത്യൻ സമുദ്രത്തിൽ വിപുലമായ നാവികശക്തി ഉറപ്പിച്ചിരിക്കുന്നതും കൊണ്ടു, കരയിലും കടലിലും, ഒത്തുചേൎന്നുള്ള എന്തോ പ്രവൎത്തനങ്ങൾമൂലം, കരയിലെ പ്രവൎത്തനങ്ങളെ സഹായിക്കാൻ ചില വിദ്യകൾ ആലോചിച്ചുവരുന്നുണ്ടെന്നു സ്പഷ്ടമാകുന്നു. ശാന്തസമുദ്രത്തിലെ കഥയാണെങ്കിൽ, സഖ്യശക്തികൾ ഫിലിപ്പൈൻ ദ്വീപുകളോടു കൂടുതൽ കൂടുതൽ അടുത്തുവന്നുകൊണ്ടിരിക്കുന്നു. ഇങ്ങിനെ ഇംഫാൽ-കൊഹിമാ യുദ്ധം ജാപ്പാൻകാൎക്കെതിരായുള്ള ഒരു വലിയ പ്രവൎത്തനത്തിന്റെ ഒരംശമായിത്തീരുന്നു.

സ്കോട്ട്ലണ്ട് സൎവ്വകലാശാലകളിലുള്ള ഇന്ത്യൻ വിദ്യാൎത്ഥികൾ, പുതിയതായി ആരംഭിക്കുവാൻ പോകുന്ന സമരമുഖ സന്നാഹത്തിലേക്കു ചേൎന്നുകൊള്ളാമെന്നു ഏറ്റതായി ഒരു കമ്പിവൎത്തമാനത്തിൽ കാണുന്നു. ഇതു ആശ്വാസകരമായ ഒരു വൎത്ത

മാനമാണ്. മതം കൊണ്ടും, ഭാഷ കൊണ്ടും ഭിന്നിച്ചിരിക്കുന്ന ഇന്ത്യക്കാർ, അവരുടെ അഭിപ്രായ ഗതിയിലും വ്യത്യാസങ്ങൾ പ്രദർശിപ്പിച്ചു വരുന്നുണ്ട്. ഒരു കാലത്തു ഫ്രാൻസിനെപ്പററി പറഞ്ഞിരുന്നമാതിരി, ഏതൊരഭിപ്രായത്തിന്നും ഇന്ത്യയിൽ ഒരു കക്ഷിയെ ലഭിക്കുവാൻ പ്രയാസമുണ്ടാകുന്നതല്ല. ആ സ്ഥിതിക്കു യുദ്ധത്തിൻെറ വിജയപര്യവസാനത്തിന്നനുകൂലമായ എല്ലാ സംഗതികളും ആദരണീയമാണ്.

## ബർമ്മ

ബർമ്മയിലെ യുദ്ധം ഇപ്പോൾ ഇംഫാൽ പട്ടണത്തെ ചുററിക്കൊണ്ടാണിരിക്കുന്നതു്. അതിനെ ബഹിർലോകവുമായി ബന്ധപ്പെടുത്തുന്ന രണ്ടു പ്രധാന നിരത്തുകൾ ഇംഫാൽ-ഡിമാപ്പൂർ റോഡും, ഇംഫാൽ-സിൽച്ചാർ റോഡുമാണ്. ഇവ രണ്ടും ജാപ്പാൻകാർ കൈവശപ്പെടുത്തിയിരിക്കുകയാണ്. ഇവയിൽ കൂടിയാണു ഭക്ഷണസാമഗ്രികൾ ഐക്യസേനകൾക്കു എത്തിക്കേണ്ടതു്. എന്നാൽ, ഈ റോഡുകൾ പരാധീനമായതുകൊണ്ടു് ഐക്യസേനയ്ക്കു യാതൊരസൗകര്യങ്ങളും നേരിട്ടിട്ടില്ലെന്നു സന്തോഷസമേതം യുദ്ധലേഖകന്മാർ പ്രഖ്യാപനം ചെയ്യുന്നുണ്ട്. വിമാനമാർഗ്ഗമായി സകല സാമഗ്രികളും അവിടെ എത്തുന്നുണ്ടെന്നു് മാത്രമല്ല, ശത്രുക്കൾ തങ്ങളെ വളഞ്ഞിട്ടുണ്ടെന്നുള്ള ഒരു ബോധംകൂടി അവർക്കുണ്ടായിട്ടില്ല. ദീർഘകാലത്തേക്കു് നിലനില്ക്കത്തക്കതായ ഭക്ഷണസാധനങ്ങളെല്ലാം അവിടെ സംഭരിച്ചിട്ടുണ്ട്. വേണ്ടതുപോലെ വിഭവസമൃദ്ധമായ ഭക്ഷണം കിട്ടുന്നുണ്ട്. ഗതാഗതസൗകര്യങ്ങൾക്കും കുറവില്ല. ശത്രുവിൻെറ നിരോധം ഫലപ്രദമല്ലെന്നുള്ളതിലേക്കു മറെറാരു ദൃഷ്ടാന്തവും ആവശ്യമില്ല. ഐക്യവിമാനശക്തിയെ തടയുവാനുള്ള കരുത്തു ശത്രുക്കൾക്കില്ലെന്നു ഇതുകൊണ്ടു സ്പഷ്ടമായി.

## സ്പെയിൻ

അച്ചുതണ്ടു പ്രതിനിധികളെ ഒഴിച്ചുവിടേണമെന്നായി സ്പെയിൻ ഗവർമ്മേണ്ടു് തീരുമാനിച്ചിരിക്കുന്നുവെന്നു ഒരു വർത്തമാനം പരന്നിട്ടുണ്ട്. കുറച്ചു കാലമായി ആ രാജ്യത്തുനിന്നു പുറപ്പെടുന്ന പല വർത്തമാനങ്ങളും 'പുക' പോലെ കരുതേണ്ടതായി വന്നിട്ടുണ്ട്. ഇതും "ഉണ്ടയില്ലാത്ത വെടി" യാകാതിരുന്നാൽ ആശ്വാസപ്രദമാകുമായിരുന്നു. ഫ്രാൻകൊവിൻെറ ആധിപത്യത്തിലുള്ള അവിടുത്തെ ഗവർമ്മേണ്ടിന്നു്, അഭിപ്രായസ്ഥിരത ഇനിയും വന്നിട്ടുണ്ടെന്നു തോന്നുന്നില്ല. അച്ചുതണ്ടു ശക്തികളുടെ സഹായം കൊണ്ടാണ് അയാൾ അധികാര പദത്തിലെത്തീട്ടുള്ളതു്. ഇപ്പോൾ ഐക്യശക്തികളുടെ സഹായം പല സംഗതികളിലും ആവശ്യമായും വന്നിരിക്കുന്നു. അച്ചുതണ്ടു ശക്തികളോടു ദുര്യോധനൻെറ നയമാണ് ഇപ്പോൾ അവർക്കുള്ളതു്.

"ജയിച്ചു പാണ്ഡവരെങ്കിൽ തുണച്ചുവെന്നും വന്നു
നശിച്ചുപാണ്ഡവരെങ്കിൽ നമുക്കു സൊല്ലയും തീർന്നു."



കുറച്ചു സമയമായിട്ടു തുഴഞ്ഞു, കുഴഞ്ഞു, വെള്ളത്തിൽ പൊങ്ങിക്കിടന്നിരുന്ന ഇവർ, ആഹാരം അടുക്കുന്ന അവസരത്തിൽ ഉത്സാഹഭരിതരാകുന്നു.

# യുദ്ധസഞ്ചിക

## ആഴ്ചപ്പതിപ്പ്

മദിരാശി: 1944 മേയി 5-ാംനു, വെള്ളിയാഴ്ച

## റഷ്യ

കഴിഞ്ഞയാഴ്ച, അവസാനത്തിൽ വിശേഷവിധിയായൊന്നുമില്ലെന്നാണു് സോവിയററു് പ്രഖ്യാപനം. ഇതിനെപ്പററി വിദഗ്ദ്ധന്മാരുടെ ഇടയിൽ ചില നിരൂപണങ്ങൾ നടക്കുന്നുണ്ടു്. ജർമ്മൻ പ്രത്യാക്രമണങ്ങളും ഇതോടുകൂടി വർത്തമാനപംക്തികളിൽ സ്ഥലം പിടിച്ചിട്ടുണ്ടു്. ഈ രണ്ടു പ്രസ്ഥാവനകളും യോജിപ്പിക്കാൻ പ്രയാസമായതു കൊണ്ടാണു് നിരൂപണങ്ങൾക്കിടയായിട്ടുള്ളതു്. തിരിഞ്ഞു നോക്കാൻ സമ്മതിക്കാതെ ജർമ്മൻകാരെ മുന്നൂറു നാഴിക ഒരേ ഓട്ടം ഓടിച്ച റഷ്യൻ സേന, അവിടന്നങ്ങോട്ടു അവരുടെ പുരോഗമനം തൃപ്തികരമാംവണ്ണം സാധിച്ചിട്ടില്ലെന്നു ഊഹിക്കേണ്ടിയിരിക്കുന്നു. സെബാസ്റ്റപ്പോൾ കൈവിടാതിരിക്കുന്നതിന്നു ജർമ്മൻസേന ഭയങ്കരമായി പൊരുതുന്നുണ്ടു്. അതോടുകൂടി 90,000 ഭടന്മാരെ അവിടെനിന്നു കൊണ്ടുപോകുവാനും ജർമ്മൻകാർ ശ്രമിക്കുന്നുണ്ടു്. ആ തുറമുഖം കൈവിട്ടാൽ പിന്നെ കരിങ്കടലിൽ റഷ്യക്കു സ്വൈരാധിപത്യമായി. പിന്നെ അവിടെയെങ്ങും ജർമ്മൻകാൎക്കു നിലയില്ല. ഇതുപോലെ തന്നെ, സ്റ്റാനിസ്ലാവോ, ടർനാപോൾ എന്നീ സ്ഥലങ്ങളിലുള്ള പ്രത്യാക്രമണങ്ങളും ഇതേ ഉദ്ദേശത്തോടുകൂടിത്തന്നെ നടത്തുന്നവയാണു്. എന്നുമാത്രമല്ല, ജർമ്മൻകാരുടെ കരുതൽ സേന (Reserves) മിക്കവാറും ഇവിടെയാണു്. ഇവ അവരുടെ കൈവശം ഇരിക്കുന്നേടത്തോളം കാലം, ചെക്കോസ്ലോവാക്കിയായിലേക്കോ ഹംഗറിയിലേക്കോ ചാടിക്കടന്നു് റഷ്യൻ സേനയെ പിന്നിൽ നിന്നാക്രമിക്കുന്നതിന്നു് അവൎക്കു സാധിക്കുന്നതാണു്. അതു കൊണ്ടു്, റഷ്യൻസേന അവരുടെ ശക്തിയെല്ലാം ഒന്നായി പ്രയോഗിക്കേണ്ട ഒരു ഘട്ടം എത്തിയിരിക്കുന്നു. വിസ്തൃതമായ സ്ഥലങ്ങളെക്കാൾ ചെറുത്തുനില്ക്കാൻ സൌകൎയ്യം കൂടുതൽ ഇടുങ്ങിയ പ്രദേശങ്ങൾക്കാണെന്നു് യുദ്ധവിദഗ്ദ്ധന്മാരെ പറഞ്ഞറിയിക്കേണ്ടതില്ല. അങ്ങിനെ ഒരു സൌകൎയ്യമാണു് ജർമ്മൻ സൈന്യത്തിന്നു കൈവന്നിട്ടുള്ളതു്. ഇതു കൊണ്ടു വിജയം അല്പം നീണ്ടുപോകുമെന്നല്ലാതെ, അതിനെ തീരെ തടയുവാൻ സാധ്യമല്ലെന്നു കൂടി അറഞ്ഞിരിക്കേണ്ടതാണു്. ഇതുവരെയുള്ള ആക്രമണങ്ങളിലെല്ലാം ശത്രുവിനെ, ബലം കുറഞ്ഞേടത്തു അടിക്കാനുള്ള സാമൎത്ഥ്യം സ്റ്റാലിൻ പ്രദൎശിപ്പിച്ചിട്ടുണ്ടു്. അതുകൊണ്ടു് തഞ്ചം നോക്കിയാണു് അദ്ദേഹവും നില്ക്കുന്നതെന്നു വ്യക്തമാകുന്നു. ഇരുകക്ഷികളും ഒരു വലിയ സംഘട്ടനത്തിന്നുള്ള സന്നാഹങ്ങൾ ചെയ്തുവരുന്നതുകൊണ്ടു് അധികം താമസിയാതെ ഒരു വമ്പിച്ച യുദ്ധത്തിനെപ്പററി നമുക്കു കേൾക്കാനിടവരും. ഐക്യശക്തികൾ, വീണ്ടും ഒരു സമരമുഖം ആരംഭിക്കുന്നതു സ്റ്റാലിൻെറ പ്രയോഗവുമായി സംഘടിപ്പിക്കുന്നതായാൽ, വിജയം വിചാരിച്ചതിലധികം വേഗത്തിൽ വരിക്കാറാവുമെന്നു വിശ്വസിക്കാം.

## പുതിയ സമരമുഖം

യൂറോപ്പിൽ മറെറാരു സമരമുഖം തുടങ്ങാനുള്ള ഒരുക്കങ്ങൾ ഐക്യ ശക്തികൾ ചെയ്യുന്നുണ്ടെന്നുള്ളതിലേക്കു പല ലക്ഷ്യങ്ങളും നേതാക്കന്മാരുടെ പ്രസ്താവനകൾ മൂലം ലഭിക്കുന്നുണ്ടു്. അതെവിടെയാണെന്നും, എപ്പോഴാണെന്നും മാത്രമെ തീൎച്ചയാകാതെയുള്ളു. ഇതിനെപ്പററി പലരും പല അഭിപ്രായങ്ങളും രേഖപ്പെടുത്തുന്നുമുണ്ടു്. ഫ്രാൻസിലായിരിക്കുമെന്നു ചില വിദഗ്ദ്ധന്മാർ ആലോചിക്കുന്നു. മററു ചിലരുടെ അഭിപ്രായത്തിൽ ബൽജിയമോ, ഹോളണ്ടോ പ്രവൎത്തന കേന്ദ്രമായിത്തീൎന്നേക്കാമെന്നു കാണുന്നു. വേറൊരു കൂട്ടർ, യൂറോപ്പിൻെറ പശ്ചിമതീരം മുഴുവൻ ഐക്യശക്തികളാക്രമിക്കുമെന്നു വിചാരിക്കുന്നു. ഇംഗ്ലണ്ടിലെ നേതാക്കന്മാരുടെയും പ്രധാനമന്ത്രിയുടെയും പ്രസ്താവനകളിൽനിന്നും, ആക്രമണസന്നാഹങ്ങൾ പരിപൂൎണ്ണമായെന്നു വിശദമാകുന്നുണ്ടു്. അതുകൊണ്ടു ഇനി അധിക താമസം ഈ സമാരംഭത്തിന്നുണ്ടാവുകയില്ലെന്നു കരുതാം. ശത്രുക്കളുടെ നിലയാലോചിച്ചാൽ ഇതാണു തക്കസമയം എന്നു പറയേണ്ടിയിരിക്കുന്നു. അവരുടെ സൈന്യങ്ങൾ, ഇററലിയിലും ബാൾക്കൻ പ്രാന്തങ്ങളിലും ആയി ചിതറിക്കിടക്കുകയാണു്. മറെറാരു സമരമുഖംകൂടി അവൎക്കു ചെറുത്തുനില്ക്കേണ്ടതായി വന്നാൽ, ഓരോ മുഖങ്ങളിലും അവരുടെ ആക്രമണശക്തി

കുറഞ്ഞു വരാതെ തരമില്ല. പക്ഷെ, ഓരോ ദിക്കുകളിലായിട്ടു, സൈന്യശേഖരത്തിന്നും മററുമായി അവക്കു സൌകര്യമുണ്ടാക്കിക്കൊടുത്താൽ "കോലൊടിയുകയുമില്ല പാമ്പു ചാവുകയുമില്ല" എന്ന സ്ഥിതി വന്നേക്കാം. സ്റ്റാലിൻ ഒരു ഗംഭീര പ്രയത്നം ചെയ്യുന്നുണ്ടെന്നു മുൻപു തന്നെ സൂചിപ്പിച്ചല്ലോ. മുറിഞ്ഞയററ്, മടയിലേക്കു മടങ്ങിയ ഒരു ദുഷ്ടമൃഗത്തിൻെറ സ്ഥിതിയാണു് ജർമ്മനിക്കെന്നു് സ്റ്റാലിൻ മേ ഡേ സന്ദേശത്തിൽ പ്രസ്താവിച്ചിട്ടുമുണ്ടു്. ഇനി, മടയിൽ കയറി ആ ജന്തുവിനെ തച്ചു തകർത്തു നാമാവശേഷമാക്കിയാലേ രക്ഷയുള്ളു എന്നും, ഐക്യശക്തികളേകോപിച്ചു അതിനുദ്യമിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചിട്ടുണ്ടു്.

## അരാക്കാനിലെ ജാപ്പാൻകാരെ മദ്രാസിത്തോക്കുകാർ ചുട്ടു പൊളിക്കുന്നു

അരാക്കാനിൻെറ യുദ്ധാനന്തര ഭൂപടങ്ങളിൽ, മായു പർവ്വതനിരകളുടെ ഉയരത്തിന്നു ഗണ്യമായ കുറവു വന്നിരിക്കുന്നതായി കാണുന്നതാണു്; ജാപ്പാൻകാർ മലമുടികളുടെ ചുററുമായി കുഴിച്ചിരിക്കുന്ന ഒളിവുസ്ഥലങ്ങളെ ദിനംപ്രതി ചുട്ടുപൊട്ടിക്കുന്ന മദ്രാസിത്തോക്കുകാരുടെ പ്രവർത്തനഫലമാണിതെന്നു കൃതജ്ഞതാപൂർവ്വം പറയാം.

ഈ മദ്രാസി പടയാളികളുടെ വെടിയുണ്ടകൾ ദൂരെയുള്ള മലകൾ, ഒരു കത്തി ഇളനീരിനെ എങ്ങിനെയോ, അത്ര നിഷ്പ്രയാസം പൊളിക്കുന്നതു ഞാൻ നേത്രസ്ഥലത്തുനിന്നു, നോക്കിക്കൊണ്ടിരുന്നു എന്നു ഒരു ഇന്ത്യൻ സൈന്യനിരീക്ഷകൻ എഴുതിയിരിക്കുന്നു. ഈ പടയാളികൾ തങ്ങളുടെ സൈന്യവിഭാഗത്തിലുള്ള മഹാരാഷ്ട്രരും പഞ്ചാബികളുമായ പടയാളികളോടു ചേർന്നു, ജാപ്പാൻകാരെ ഈ മലകളിൽനിന്നു തുരത്തുന്ന പരിശ്രമത്തിൽ രാപ്പകൽ ഉദ്യോഗിക്കുന്നു.

ഈ സൈന്യം അഞ്ചാഴ്ചക്കുള്ളിൽ ശത്രുനിരകളിലേക്കു 4,000 ഉണ്ടകളയച്ചിട്ടുണ്ടു്. ജാപ്പാൻകാരുടെ അഭയസ്ഥലങ്ങളെ ചുട്ടുപൊട്ടിക്കുന്നതോടുകൂടിത്തന്നെ അവർ കാലാൾസൈന്യത്തിൻെറ യുദ്ധത്തിൽ സഹായിക്കുന്നുമുണ്ടു്.

ഒരു ശത്രുസൈന്യ വിഭാഗം, തങ്ങളുടെ നശിപ്പിക്കപ്പെട്ട ഒരു തോക്കിൻെറ അവശേഷങ്ങളെ വിദൂരത്തിലുള്ള ഒരു മൈതാനപ്രദേശത്തുകൂടി ഏററിക്കൊണ്ടു പോകുന്നതു, ജാപ്പാൻകാരുടെ സ്ഥിതിഗതികളെ വീക്ഷിച്ചുകൊണ്ടിരുന്നപ്പോൾ താൻ കണ്ടതായി ഒരു സൈന്യ ഉദ്യോഗസ്ഥൻ ആഹ്ലാദപൂർവ്വം എന്നോടു പറയുകയുണ്ടായി. ഉടനെ അയാൾ, ആ ശത്രുസംഘത്തിനെ ലാക്കാക്കി വെടി വെക്കുകയും, അതും, അവർ വഹിച്ചിരുന്ന ശകലീകൃതായുധംപോലെ തന്നെ ആയിത്തീരുകയും ചെയ്തു.

ഈ ഇന്ത്യൻ തോക്കു പടയാളികൾ തങ്ങളുടെ പ്രവൃത്തിയുടെ സകല വൈഷമ്യങ്ങളേയും സ്വാധീനമാക്കിയിട്ടുണ്ടു്. ഇപ്പോൾ അവരുടെ മിക്ക വെടിവെപ്പുകളും ആകാശനിരീക്ഷണ കേന്ദ്രങ്ങളുമായി സഹകരിച്ചുകൊണ്ടാണു് നടത്തിവരുന്നതു്. വിമാനങ്ങളിൽ പറന്നുകൊണ്ടിരിക്കുന്നയാൾ, തോക്കുപടയാളികൾക്കു റേഡിയോ മൂലമായി നിർദ്ദേശങ്ങൾ അയച്ചു, അവരെ സഹായിക്കുന്നു.



സഖ്യശക്തികൾ നേപ്പിൾസ് പിടിച്ചതിന്നുശേഷം, ആ പ്രവർത്തനത്തിലുണ്ടായിരുന്ന ഒരു അമേരിക്കൻ പടയാളിയും ഒരു ഇംഗ്ലീഷു പടയാളിയും കൂടി ജർമ്മൻ വിമാന സമീപത്തിൽ സംസാരിച്ചുകൊണ്ടിരിക്കുന്നു.

# വിദേശങ്ങളിലുള്ള ഇന്ത്യക്കാൎക്കായി*

## സർദാർ കെ. എം. പണിക്കർ ഡെൽഹി പ്രക്ഷേപണ കേന്ദ്രത്തിൽനിന്നു്

(മാൎച്ച് 16-ാം തിയ്യതി പ്രക്ഷേപണംചെയ്ത സന്ദേശം)

മറുനാട്ടുകളിൽ താമസിക്കുന്ന കേരളീയൎക്കു മലയാള ഭാഷയിൽത്തന്നെ ഇങ്ങിനെ ഒരു സന്ദേശമയയ്ക്കാൻ അവസരം ലഭിച്ചതിൽ എനിക്കു വലുതായ ചാരിതാൎത്ഥ്യമുണ്ടു്. ഏതു കാൎയ്യവശാലായാലും, അധികം നാം സ്വദേശം വിട്ടു താമസിക്കേണ്ടിവന്നാൽ, നാട്ടിലുള്ളവരെപ്പററി വിചാരവും, നാട്ടു തിരികെ കാണുവാനുള്ള ഉൽക്കണ്ഠയും മനുഷ്യൎക്കു സഹജമാണു്. മറുനാട്ടുകളിൽ മാതൃഭാഷ കേൾക്കുന്നതു തന്നെ ചെവികൾക്കു എത്ര ആനന്ദകരമാണു്. ലോകോത്തരമനോഹരമായ നമ്മുടെ കേരളദേശമോ, എല്ലാം കൊണ്ടും അങ്ങിനെ അതിരുകവിഞ്ഞ ഭക്തിക്കു അൎഹതയുള്ള ഒന്നാണെന്നു് ആരുതന്നെയാണു് സമ്മതിക്കാത്തതു് ?

രാജ്യരക്ഷക്കു വേണ്ടിയുള്ള സന്നാഹത്തിൽപെട്ടു വിദേശങ്ങളിൽ താമസിക്കുന്ന സഹോദരന്മാരോടു് എനിക്കൊന്നുമാത്രമാണു് പ്രത്യേകമായി പറയാനുള്ളതു്. കേരളത്തിന്റെ പാരമ്പൎയ്യം ഏററവും ശ്രേഷ്ഠമായ ഒന്നാണു്. അനീതിയോടും അധൎമ്മത്തോടും മടങ്ങാതെ പോരാടിയാണു് നമ്മുടെ പൂൎവ്വികന്മാർ കീൎത്തി സമാൎജ്ജിച്ചതു്. കടൽപ്പോരിലും, കരപ്പടയിലും ഒന്നുപോലെ ശൌൎയ്യവും സാമൎത്ഥ്യവും കാണിച്ചു്, അനന്യസുലഭമായ യശസ്സാണു് അവർ നേടി നമുക്കു തന്നിട്ടുള്ളതു്. ആ പാവനമായ പരമ്പൎയ്യത്തെ പുലൎത്തുന്നതിന്നായി ലോകത്തിന്റെ നാനാഭാഗത്തുമുള്ള പടക്കളങ്ങളിൽ, കടലിലും, കരയിലും, പോരാടുന്ന സഹോദരന്മാരെപ്പററി ഞങ്ങൾക്കെത്രമാത്രം അഭിമാനമുണ്ടെന്നു പറഞ്ഞറിയിക്കേണ്ടതില്ലല്ലോ.

ആയുധമെടുത്തു വിരോധിയോടു നേരിടുന്നവർ മാത്രമല്ല, ഇക്കാലത്തു യുദ്ധത്തിന്നാവശ്യം. യുദ്ധം സംബന്ധിച്ച ഏതു ജോലിയും—എത്ര നിസ്സാരമായാലും—അതു അത്യാവശ്യമായ ഒന്നെന്നു മനസ്സിലാക്കണം. അതുകൊണ്ടു് പടയാളികൾക്കു സഹജമായി, ജോലി ചെയ്യുന്ന അനേകായിരം മലയാളിസഹോദരന്മാരോടു എനിക്കു പറയാനുള്ളതു, നിങ്ങളുടെ പ്രവൃത്തികളിലും ഞങ്ങൾ അഭിമാനിക്കുന്നു എന്നാണു്. നിങ്ങളുടെ സേവനങ്ങൾ കേരളത്തിന്നുമാത്രമല്ല, ഭാരതത്തിനും നന്മവരുന്നതാണെന്നുള്ള ബോധത്തോടുകൂടി, മടിവെടിഞ്ഞു ജോലി ചെയ്യുക.

വിരോധികളുടെ കീഴിൽ അകപ്പെട്ടുപോയ മലയാളികളോടാണു് പ്രത്യേകമായി രണ്ടു വാക്കു പറയാനുള്ളതു്. നിങ്ങൾ അനുഭവിച്ചുവരുന്ന കഷ്ടപ്പാടുകളും വൈഷമ്യങ്ങളും തീരാറായി വരികയാണെന്നു് പൂൎണ്ണമായി വിശ്വസിച്ചുകൊള്ളുക. ഓരോ ദിവസം ചെല്ലുംതോറും, ശത്രുവിന്റെ പരാജയം സമീപിച്ചു തന്നെയാണു വരുന്നതു്. പൂൎണ്ണമായ വിജയം അചിരേണ നമുക്കു ലഭിക്കുമെന്നും, അക്രമം കൊണ്ടു ശത്രുക്കൾ കൈക്കലാക്കിയ നാട്ടുകളിൽനിന്നു് അവർ തുരത്തപ്പെടുമെന്നുമുള്ളതിന്നു യാതൊരു സംശയവുമില്ല. അധൎമ്മം എത്രതന്നെ തലപൊക്കിയാലും, ഒടുവിൽ ഫലം എന്താണെന്നുള്ളതിന്നു് നമ്മുടെ പുരാണങ്ങൾ തന്നെ ലക്ഷ്യമാണല്ലോ. അതുകൊണ്ടു, അല്പകാലംകൂടി, ക്ഷമയോടും, ധൈൎയ്യത്തോടും, വരുന്നതു വരട്ടെ എന്നു നിശ്ചയിച്ചു്, സ്വധൎമ്മത്തിൽ പിഴക്കാതെ, കേരളീയരായ നിങ്ങൾ നില്ക്കുമെന്നുള്ളതിൽ എനിക്കു പൂൎണ്ണമായ വിശ്വാസമുണ്ടു്.

സ്വജനങ്ങളെപ്പററി നിങ്ങൾക്കു ഭീതിയ്ക്കോ, ശങ്കയ്ക്കോ, അവകാശമില്ല. കഴിഞ്ഞ വൎഷം നാട്ടിലുണ്ടായ ദുർഭിക്ഷം ദൈവാധീനം കൊണ്ടു മാറിക്കഴിഞ്ഞിരിക്കുന്നു. ഒന്നു കൊണ്ടും നാട്ടിലുള്ളവരെപ്പററി വിചാരിച്ചു നിങ്ങൾ വേദിക്കേണ്ടതായില്ല. അതുകൊണ്ടു, നിങ്ങൾ എല്ലാവരും സന്തോഷത്തോടും, മനസ്സമാധാനത്തോടും സ്വകൃത്യങ്ങൾ നിൎവ്വഹിച്ചു, ദിനംപ്രതി സമീപിച്ചുവരുന്ന വിജയത്തിന്നുവേണ്ടി സഹായിക്കുവിൻ ! നിങ്ങൾക്കു സൎവ്വശ്രേയസ്സുമുണ്ടാകട്ടെ !

* "മലയാളികൾക്കായി" എന്നല്ലേ വേണ്ടതു്. (യു: സ: പ.)

# ഒരു വീരബാലൻ

[ഡാക്ടർ ചേലനാട്ടു് അച്യുതമേനോൻ, പിഎച്ച്. ഡി. (ലണ്ടൻ)]

(തുടർച്ച)

## രംഗം III

(വള്ളുവക്കോനാതിരിയുടെ ആസ്ഥാന മണ്ഡപം)

പുതുമനപ്പണിക്കരും വേറെ ഒന്നു രണ്ടു ഉദ്യോഗസ്ഥന്മാരും ഇരിക്കുന്നു. വള്ളുവക്കോനാതിരി പ്രവേശിക്കുന്നു. എല്ലാവരും ആചാരോപചാരം ചെയ്യുന്നു.

വള്ളുവക്കോനാതിരി: (ആസ്ഥാന പീഠത്തിൽ ഇരുന്നു്) പുതുമനപ്പണിക്കർ! ഇന്നിവിടെ ആലോചനക്കു മാമാങ്കക്കാര്യമല്ലാതെ വേറെ വല്ലതുമുണ്ടോ ?

പുതുമനപ്പണിക്കർ: ഗൌരവമുള്ള വിഷയങ്ങൾ ഒന്നുമില്ല. എങ്കിലും, സാമൂതിരിയുടെ ഒരു പ്രജ ഇവിടെ വന്നു ചില അക്രമങ്ങൾ കാട്ടിയതായി അറിവുകിട്ടിയിട്ടുണ്ടു്. ഒരു സ്ത്രീയെ പിടിച്ചുകൊണ്ടുപോകാനാണു് അയാൾ എത്തീട്ടുള്ളതു്. നമ്മുടെ ചാരന്മാർ അതിനിടക്കു് അവരെ കാണുകയും, അവരുടെ അന്തർഗ്ഗതം അറിയുവാൻ ഇടവരികയും ചെയ്യുകയാൽ, അയാളെ പിടിച്ചുകെട്ടേണ്ടതായി വന്നു. ആ കാര്യം ആലോചനക്കെടുത്തതിന്നുശേഷം മാമാങ്കകാര്യം എടുക്കാൻ തിരുവുള്ളമുണ്ടാകണം.

വള്ളുവക്കോൻ: പുള്ളിയെ കൊണ്ടുവന്നിട്ടുണ്ടോ?

പുതുമന: ഉണ്ടു്.

വള്ളുവക്കോൻ: അയാളെ സഭാ മുമ്പാകെ കൊണ്ടുവരട്ടെ.

പുതുമന: ആസ്ഥാനം കാവൽക്കാരൻ പുള്ളിയെ കൊണ്ടുവരട്ടെ.

(പുള്ളി പ്രവേശിക്കുന്നു)

തനിക്കു തിരുമുമ്പാകെ ഉണർത്തിക്കാനുള്ളതു വിടകൊള്ളുക.

പുള്ളി: എൻെറ ആവശ്യപ്രകാരമല്ലല്ലൊ തിരുമുമ്പാകെ കൊണ്ടുവന്നിട്ടുള്ളതു്.

വള്ളുവക്കോൻ: തന്നെ അസമയത്തു ഏതോ ദുരുദ്ദേശം കരുതി നില്ക്കുന്നതായി കണ്ടതായിട്ടാണു് ചാരക്കുറിപ്പു. താൻ സാമൂതിരിയുടെ പ്രജ തന്നെയാണോ ?

പുള്ളി: രണ്ടാമത്തെ ചോദ്യത്തിന്നു് ആദ്യം മറുവടി വിടകൊള്ളാം. സാമൂതിരിയുടെ പ്രജ തന്നെയാണു്.

വള്ളുവക്കോൻ: ഇവിടെ വന്ന കാരണം? കുന്നലക്കോനും വള്ളുവക്കോനും തമ്മിൽ സഖ്യമല്ലെന്നറിഞ്ഞുകൂടേ ?

പുള്ളി: അറിയാം. അതുകൊണ്ടാണു് രാത്രിയിൽ വന്നതു്.

വള്ളുവക്കോൻ: അങ്ങിനെ കണ്ടതുകൊണ്ടാണല്ലൊ ഇങ്ങിനെ പിടിച്ചതു്. പ്രത്യേക ഉദ്ദേശമില്ലാതെ ഇങ്ങിനെ വരാനിടയില്ലല്ലൊ. അതെന്താണെന്നു് പറയാനൊരുക്കമില്ലേ ?

പുള്ളി: പറയാനൊരുക്കമുള്ളവനാണെങ്കിൽ ഇങ്ങിനെ വരാനിടയില്ലല്ലൊ.

പുതുമന: ഈ പുള്ളി സാമൂതിരിയുടെ ചാരസംഘത്തിൽപെട്ടവനാണെന്നുകൂടി സംശയമുണ്ടു്.

വള്ളുവക്കോൻ: അങ്ങിനെയാണെങ്കിൽ ഉദ്ദേശങ്ങൾ പുറത്തു പറയുന്നതല്ലല്ലൊ. ഇവിടെ ശത്രുക്കളുടെ ചാരന്മാരെപ്പററിയുള്ള നിയമം അറിയാമോ ? സംഗതികൾ വിശദമാകുന്നതുവരെ ഏകാന്തതടവു്. (പണിക്കരെ നോക്കി) മന്ത്രീ!! ചട്ടപ്രകാരം ഈ പുള്ളിയെ കാരാഗൃഹത്തിലിട്ടേക്കണം. (പുള്ളിയോടു) കാര്യങ്ങൾ തുറന്നു പറയാൻ താൻ ഒരുക്കമുണ്ടെങ്കിൽ, തൻെറ കാര്യം കുറെക്കൂടി ദയയോടുകൂടി കരുതുന്നതാണു്. വല്ലതും പറയാനുണ്ടോ.

പുള്ളി: ഒന്നുമില്ല.

വള്ളുവക്കോൻ: എന്നാൽ ചട്ടപ്രകാരം ചെയ്യണം.

(പുള്ളിയെ രണ്ടുപേർ വന്നു കൊണ്ടുപോകുന്നു.)

പുതുമന: മാമാങ്കത്തിന്നുള്ള ഏർപ്പാടുകൾ ഇവിടെ എങ്ങിനെ നടക്കുന്നുവെന്നറിയാൻ വന്നവനായിരിക്കണമെന്നാണു് അടിയൻെറ ഊഹം.

വള്ളുവക്കോൻ: അങ്ങിനെയായിരിക്കാം. അതിരിക്കട്ടെ. ഊഴമനുസരിക്കുവാൻ എല്ലാ വീട്ടുകാരും തെയ്യാറില്ലെ.

പുതുമന: ഇതുവരെ വിപരീതാഭിപ്രായം കേട്ടിട്ടില്ല.

കാര്യക്കാർ: പ്രധാനമന്ത്രി ബോധിപ്പിച്ചതു് ശരിതന്നെയാണു്. പക്ഷെ, ഒരു കാര്യം തിരുമനസ്സുണർത്തിക്കാനുണ്ടു്. ഈ മാമാങ്കത്തിന്നു് ചാവേർ പോകുന്നതെന്തിനാണെന്നു് അറിയാത്തവർ പലരുമുണ്ടു്. വിവരങ്ങളൊന്നുമറിയാതെ ഇങ്ങിനെ മരിക്കുന്നതു്കൊണ്ടു പ്രയോജനമെന്താണെന്നും ചിലർ ചോദിക്കുന്നുമുണ്ടു്.

പുതുമന: അതിലടങ്ങിയ ചരിത്രം നാട്ടുകാരെ പറഞ്ഞു മനസ്സിലാക്കാവുന്നതാണു്. എന്നാലും, പൂർവ്വവൈരം അതേ സ്ഥിതിയിൽ നിലനിർത്താൻ പ്രയാസമാണു്. എല്ലാം പഴങ്കഥയായല്ലൊ.

വള്ളുവക്കോൻ: പണിക്കാർക്കും വിശ്വാസം കുറഞ്ഞു തുടങ്ങിയൊ ?

പുതുമന: അതുകൊണ്ടല്ല ഇങ്ങിനെ ഉണർത്തിച്ചതു. കാര്യസ്ഥിതി വിടകൊണ്ടുവെന്നേയുള്ളു.

വള്ളുവക്കോൻ: എന്നാൽ ഒരു കാര്യം നമുക്കു തോന്നുന്നുണ്ടു്. ഇക്കുറി പോകുന്ന ചാവേർക്കൂട്ടത്തിൽ ഒന്നാം കിടക്കാരെ മാത്രമെ ചേർക്കാൻ പാടുള്ളു. നമ്മുടെ സ്വാതന്ത്ര്യത്തിൽനിന്നായിരുന്നു ഒരുകാലത്തു മാമാങ്കത്തിൽ നിലപാടു നിന്നിരുന്നതെന്നു് നമ്മുടെ മന്ത്രിമാർക്കെങ്കിലും അറിവുണ്ടല്ലൊ. സാമൂതിരിയുടെ സേനയെ എതിർക്കാൻ ശക്തിയില്ലാതിരുന്നതുകൊണ്ടാണല്ലൊ ആ സ്ഥാനം കൈവിട്ടുപോയതു്. ഇതുവരെ സാമൂതിരിയെ തോല്പിക്കുവാൻ സാധിച്ചതുമില്ല. നമുക്കു ഓരോ മാമാങ്കത്തിന്നും 100 പേർ. നല്ല അഭ്യാസികൾ—നശിക്കുന്നുമുണ്ടു്. അതുകൊണ്ടു, ഇത്തവണ, രണ്ടാലൊന്നു തീർച്ചപ്പെടുത്തണമെന്നു നാം വിചാരിക്കുന്നു. അഭ്യാസികൾക്കു മിടുക്കുണ്ടെങ്കിൽ കാര്യം സാധിക്കാവുന്നതുമാണു്. യുദ്ധങ്ങളൊന്നും സേനാബലം കൊണ്ടുമാത്രം ജയിക്കാറില്ല. തലവന്മാരുടെ തല കയ്യിലാക്കിയാൽ ഏതു യുദ്ധവും ജയിച്ചതുപോലെയാണു്. അതുകൊണ്ടു ഒന്നുകിൽ മാമാങ്കം നടക്കാതാവണം. അതല്ലെങ്കിൽ, നമുക്കു് ആധിപത്യം വീണ്ടും കിട്ടണം. ഈ സത്യവാചകം അംഗീകരിക്കുന്നവരും, അതുപ്രകാരം പ്രവർത്തിക്കുവാൻ ത്രാണിയുള്ളവരും മാത്രമെ, ഇക്കുറി ചാവേർ പോകേണ്ടതുള്ളു. എന്താ പ്രധാനമന്ത്രിയുടെ അഭിപ്രായം ?

പുതുമന: ഇവിട്ടത്തെ അരുളപ്പാടു നാട്ടുകാരുടെ അഭിമാനം തട്ടിയുണർത്തുന്ന ഒരു ധീരപ്രവചനമാണു്. നമ്മുടെ രാജ്യത്തുള്ള അഭ്യാസികളെയെല്ലാം വിളിച്ചുവരുത്തി, അവരുടെ അഭ്യാസനൈപുണ്യം പ്രദർശിപ്പിക്കാനൊരവസരം കൊടുത്തു, അതിന്നുശേഷം പോകേണ്ടവരെ തിരഞ്ഞെടുക്കുന്നതായാൽ, അവിടുത്തെ ഉദ്ദേശം സഫലമാകുമെന്നു് അടിയൻെറ പഴമനസ്സിൽ തോന്നുന്നുണ്ടു്. വള്ളുവനാട്ടുകാർക്കു ചാവാൻമാത്രമല്ല, മാനമായി ജീവിക്കാനും അറിയുമെന്നു് ലോകവും സാമൂതിരിയും അറിഞ്ഞിരിക്കേണ്ടതാണു്.

വള്ളുവക്കോൻ: പണിക്കരുടെ അഭിപ്രായം നാം അംഗീകരിച്ചിരിക്കുന്നു. മത്സരപരീക്ഷക്കു ഉടനെ ഏർപ്പാടു ചെയ്യു. വേറെ വിഷയമൊന്നുമില്ലല്ലൊ.

പുതുമന: ഇല്ല.

വള്ളുവക്കോൻ: ഇന്നത്തെ ആസ്ഥാനയോഗം അവസാനിച്ചിരിക്കുന്നു.

(പോകുന്നു)

(തുടരും)



സ്ത്രീ സൈന്യത്തിലെ അംഗങ്ങൾ ചുണയോടെ കവാത്തുചെയ്തു പോകുന്നതു്

# ഒരു സങ്കല്പഭാഷണം

സഞ്ജയൻ: ഈ മഹാഭാരതയുദ്ധം ഈ നിലക്കാകാനുള്ള കാരണം അങ്ങാണെന്നു എനിക്കു നല്ലപോലറിയാം. എന്നാലും അങ്ങയുടെ ചില പ്രവൃത്തികൾ എനിക്കു മനസ്സിലാവാതെയുണ്ട്.

കൃഷ്ണൻ: യുദ്ധത്തിൽ ഒരു നയം മാത്രമെ ആലോചിക്കേണ്ടതുള്ളു. അതായതു, അവസാനത്തിൽ വിജയം കൈവരണം. അതിന്നു വിപരീതമാകുന്ന ഒരു സംഗതിയും സ്വീകാര്യമല്ല.

സ: ഫലംകൊണ്ടു മാത്രം അറിയാവുന്ന കാര്യങ്ങൾ മുൻകൂട്ടി ഉറപ്പിക്കാൻ സാധിക്കുമോ?

കൃ: അവിടെയാണു ദീർഘാലോചന ചെയ്യേണ്ടതു്. മനുഷ്യന്റെ ബുദ്ധിയും നിയതിയും തമ്മിൽ എപ്പോഴും ഒരു പോരാട്ടമുണ്ട്. അതിൽ മഹന്മാരുടെ ബുദ്ധി നിയതിയെ ജയിക്കാറുണ്ട്.

സ: ഈ പോരാട്ടം കൊണ്ടല്ലെ ലോകത്തിലുണ്ടാകുന്ന അനർത്ഥങ്ങളെല്ലാം? അതു കൂടാതെ കഴിക്കാൻ ശ്രമിക്കുകയല്ലെ അതിലും നല്ലതു?

കൃ: അതല്ല. പ്രതിബന്ധങ്ങൾ നേരിടാനുള്ള ഒരു ശക്തി വന്നെങ്കിലേ, മനുഷ്യന്റെ ബുദ്ധിയും വളരുകയുള്ളു. അതില്ലെങ്കിൽ, എത്ര ജന്മം കഴിഞ്ഞാലും മനുഷ്യനു വ്യത്യാസമുണ്ടാകുകയില്ല. ജീവിതത്തിന്റെ മർമ്മം തന്നെ ഈ പോരാട്ടമാണ്. ഇനി എന്റെ പ്രവൃത്തികൾ എന്തെല്ലാമാണ് മനസ്സിലാകാത്തത്? ചോദിച്ചോളു.

സ: അശ്വത്ഥാമാവിനെക്കൊണ്ട് സൈന്യാധിപത്യം സ്വീകരിക്കയില്ലെന്നു സത്യം ചെയ്യിക്കയുണ്ടായില്ലേ? അതു വാസ്തവത്തിൽ നമുക്കു അഭിമാനക്ഷയകരമല്ലെ? അതിലും വലിയ മഹാരഥന്മാരെയൊക്കെ നമ്മുടെ മായാപ്രയോഗത്തിൽ അടക്കിത്തള്ളുകയുണ്ടായി. അശ്വത്ഥാമാവിനെ മാത്രം ഇങ്ങിനെ ചെയ്യിച്ചതുകൊണ്ട് അയാളെ ജയിക്കാനുള്ള ശക്തി നമുക്കില്ലെന്നു വിചാരിക്കാനിടയാവില്ലെ? അതു നമ്മുടെ കർമ്മധീരത്വത്തിന്നു ഒരിടിവല്ലെ?

കൃ: ഇതു ഇങ്ങിനെയല്ല വീക്ഷിക്കേണ്ടതു്. അതാണു ഞാൻ ആദ്യം പറഞ്ഞതു. യുദ്ധത്തിൽ നയമാണു കാര്യം. വിജയമാണു ലക്ഷ്യം. അശ്വത്ഥാമാവു പല മഹാസ്ത്രപ്രയോഗങ്ങളും അഭ്യസിച്ചവനാണ്. അവ വകതിരിവോടുകൂടി ഉപയോഗിക്കാനുള്ള കരുത്തോ വിവേകമോ അയാൾക്കില്ല. അതുകൊണ്ടു, അയാൾ സേനാധിപതിയായാൽ, നാട്ടടക്കം പല വിപത്തുകളും വന്നുചേർന്നേക്കാം. അതു അഭിലഷണീയമല്ലല്ലൊ. പിന്നെ, മറ്റുള്ള മഹാരഥന്മാർക്കൊക്കെ ഓരോ ന്യൂനതയുണ്ട്. ഭീഷ്മർക്കു അംബയുടെ ശാപം; ദ്രോണർക്കു പാഞ്ചാലന്റെ പ്രതിജ്ഞ; കർണ്ണനു ഗുരുശാപം. അശ്വത്ഥാമാവിനു ഈ വക വൈകല്യങ്ങളൊന്നുമില്ല. അയാൾക്കു മുൻകൂട്ടി കാര്യങ്ങൾ കണ്ടറിവാനുള്ള ശക്തി ഇല്ലെന്നു എനിക്കറിവുള്ളതുകൊണ്ടാണ്, ഞാൻ അന്നുതന്നെ ഈ പ്രതിജ്ഞ ചെയ്യിച്ചതു്. പാണ്ഡവരും നൂററുവരുമായി ഈ യുദ്ധം ഉണ്ടാവുമെന്നു തന്നെ അയാൾ ശങ്കിച്ചിട്ടില്ല. ധർമ്മപുത്രരുടെ ശാന്തമനോഭാവത്തിൽ അതിരററ വിശ്വാസവും അയാൾക്കു ഉണ്ട്. എല്ലാററിന്നും പുറമെ, എന്നെ അയാൾക്കു നല്ലപോലെ അറിഞ്ഞുകൂടാതാനും. യുദ്ധം തുടങ്ങിയതിന്നു ശേഷമാണ്, സത്യം ചെയ്തതു അപകടമായെന്നു അയാൾക്കു ബോദ്ധ്യമായതും. സത്യഭംഗം വരുത്താൻ അയാൾക്കു ഭയമുണ്ട്. ഈ വഴിക്കാലോചിക്കുമ്പോൾ, അയാളെ രംഗത്തിൽനിന്നു കററാൻ ഞാൻ ചെയ്ത പ്രയോഗമല്ലെ നന്നായതു്? മിക്ക യുദ്ധങ്ങളും ആയുധം കൊണ്ടല്ല ജയിക്കുന്നതു്; സേനാനികളുടെ നയോപായം കൊണ്ടാണ്.


സ: ഇപ്പോൾ ഈ സംഗതി ബോദ്ധ്യമായി. പാഞ്ചാലിയുടെ മക്കളെ കൊല്ലിച്ചതു നന്നായോ?

കൃ: അതിന്നും സമാധാനം പറഞ്ഞു തരാം. അതു പലരും തെററിദ്ധരിച്ചിട്ടുണ്ടെന്നെനിക്കറിയാം. ഭാരതയുദ്ധത്തിന്റെ പരമലക്ഷ്യത്തിന്നു വിപരീതമായ എല്ലാ കാര്യങ്ങളും തള്ളേണ്ടതാണെന്നു ഞാൻ പറഞ്ഞിട്ടില്ലെ? അതിൽ, ചിലപ്പോൾ സ്വന്തം ബന്ധുക്കളും ഉൾപ്പെട്ടേക്കാം. മഹാഭാരതയുദ്ധത്തിൽ പാണ്ഡവന്മാരുടെ വിജയവും, ജീവനും ആണ് പ്രധാനമായിട്ടുള്ളതു്. അശ്വത്ഥാമാവു പാണ്ഡവരെ എല്ലാവരേയും കൊന്നു, ആ വിവരം അറിയിച്ചെങ്കിലേ താൻ മരിക്കുകയുള്ളു എന്ന ശാഠ്യത്തോടുകൂടിയാണ് ദുര്യോധനൻ ശ്വാസം വലിച്ചുകിടന്നിരുന്നതു്. ദുര്യോധനന്റെ ഉററ മിത്രമാണ് അശ്വത്ഥാമാവ്. പാണ്ഡവന്മാർ ഇന്ന ദിക്കിൽ കിടന്നുറങ്ങുന്നുണ്ടെന്നും അയാൾക്കറിയാം. എന്നിട്ടാണ് അയാൾ ആ കൈനില കൊള്ളിവെക്കാൻ ചെന്നതു്. അക്കൂട്ടത്തിൽ പാഞ്ചാലിയുടെ കുട്ടികളും ഉണ്ടായിരുന്നു. അഞ്ചു ശവം കണ്ടപ്പോൾ, പാണ്ഡവരുടേതാണെന്നു വിചാരിച്ചു, അശ്വത്ഥാമാവു ദുര്യോധനനോടു അപ്രകാരം ചെന്നു പറയുകയും, നൂററുവരിൽ ജ്യേഷ്ഠസഹോദരൻ ആ സമാധാനത്തോടുകൂടി മരിക്കുകയും ചെയ്തു. അയാൾ മരിച്ചിട്ടില്ലെങ്കിൽ, അയാളുടെ പ്രേരണകൊണ്ട് അശ്വത്ഥാമാവ് പല സാഹസങ്ങളും പ്രവർത്തിക്കുമായിരുന്നു. അവ, നമ്മുടെ പരമലക്ഷ്യത്തിന്നു വിപരീതമായി വരികയും ചെയ്യേക്കാം. അതുകൊണ്ടു, പ്രധാന ഉദ്ദേശം കരുതിയാണ് പാഞ്ചാലിയുടെ കുട്ടികളെ ബലികഴിക്കേണ്ടിവന്നതു്. അതിന്നും പുറമെ, അഭിമാനഭംഗം വന്ന ആ പതിവ്രത അശ്വത്ഥാമാവിന്നു, ഒരു തീരാദ്ദുഃഖം ഉണ്ടാക്കാനുമിടയുണ്ട്. അനന്തരഫലം അതുപോലെ തന്നെയാകുകയും ചെയ്തു.

സ: ഇത്രത്തോളം ഗൂഢമായിട്ടു അങ്ങു ഇതിലാലോചിച്ചിട്ടുണ്ടെന്നു ഞാൻ വിചാരിച്ചിരുന്നില്ല.

കൃ: രണ്ടുകാര്യം ഞാൻ സാധിച്ചു. ദുര്യോധനനു സമാധാനത്തോടുകൂടി മരിക്കാനവസരമുണ്ടാക്കി, ലോകബാധയൊഴിച്ചു. ആ മുൻകോപിയായ ബ്രാഹ്മണനു എന്നെന്നേക്കും ശിക്ഷകൊടുത്തു, അയാളെക്കൊണ്ടുള്ള ബാധ ലോകത്തിന്നില്ലാതാക്കുകയും ചെയ്തു.

സ: സംശയങ്ങൾ ഇനിയും വളരെയുള്ളവ ഇനി ഒരവസരത്തിൽ അങ്ങയോടു ചോദിച്ചുകൊള്ളാം. അവിടത്തെ ബുദ്ധിശക്തിക്കു നമോവാകം.



വെള്ളത്തിൽ മുഴങ്ങു പൊങ്ങിക്കിടന്നിരുന്ന ഇലക്ക് കരക്കണഞ്ഞു രക്ഷപ്പെടാൻ ഒരു കയർ എറിഞ്ഞുകൊടുക്കുന്നു.

## യുദ്ധമദ്ധ്യത്തിൽപെട്ട ഒരു ഭടൻ തൻെറ ഭാര്യക്ക് എഴുതുന്ന കത്ത്

(ഓമനക്കുട്ടൻ--മട്ട്)

വാമലോചനെ ! മാനിനിമണെ !
മാമകവാചം കേൾക്കെടൊ !
ഞാനിവിടെ വിലോല ചിത്തനായ്
വാണീടുന്നിതു നിത്യവും
ക്രൂരരാകും മരാതിസൈന്യങ്ങൾ
പാരിടം വളഞ്ഞങ്ങിനെ
ഗർഭിണികളും, രോഗബാധയാൽ_
അർഭകാളിയും, വാണിടും,
ആശുപത്രിയിൽ ബോമ്പുകളിട്ടു-
നാശമാകവെ ചേർക്കയും,
ആശ്രയമില്ലാതോടിയും ചില_
രാശ്രയാശനിൽ വീഴ്കയും
യാതൊരുദോഷമില്ലാതുള്ളോരാ_
പൂതമാനസരൊക്കെയും,
വെന്തുവെണ്ണീറായ് പോകുന്നുകഷ്ടം
എന്തുസാഹസം! സാഹസം!
ധർമ്മാധർമ്മമറിഞ്ഞീടാത്തുള്ള
ദുർമ്മതികളാം ശത്രുക്കൾ
എൾമണിപോലെ വീഴട്ടെ ലോകം-
നിർമ്മായംസുഖമേല്ക്കട്ടെ !!

—ശ്രീ കെ. കെ. ജി. പിള്ള

---

## ഭാ ര താം ബ യോ ട്

(കേക)

ഭാരതാംബികെ ! ദേവി! മാഴ്കായ്ക മാഴ്കായ്ക നീ
ധീരരാംമക്കളുണ്ടു നിന്മടിത്തട്ടിൽ വാഴ്വു !!
നിന്മഹത്തധാർമ്മികച്ചെന്നിണം പുരട്ടുവാൻ
വന്മദംപൂണ്ടു ശത്രുസന്നാഹമെത്തീടുന്നു.
സത്യവാൻ ഹരിശ്ചന്ദ്രൻ, ധർമ്മജൻ, ബുദ്ധദേവൻ
ശാന്തിജൻ ക്രിസ്തുദേവൻ, മുഹമ്മദ്മഹാൻനബി,
ഇങ്ങനെയുള്ള മഹാത്മാക്കൾ തന്നാത്മാക്കൾക്കു-
രംഗമേകിയമമഭാരതാംബികേ ! ദേവി !
ധർമ്മവുമധർമ്മവുമറിവാൻ കഴിയാത്ത-
ദുർമ്മതികളാം ശത്രുസന്നാഹമെത്തീടുമ്പോൾ,
അമ്മേ ! നിന്നനുഗ്രഹപീയൂഷവർഷത്തിനാൽ-
നിന്മക്കളെല്ലാംകൊണ്ടും പൂജിതരായീടണം.
ധർമ്മമാരുവെവെട്ടി,യധർമ്മവിഷവൃക്ഷ-
കന്മഷബീജാങ്കുരം പൊങ്ങുവാൻ തുടങ്ങുമ്പോൾ
നിർമ്മലെ ! നിൻകാരുണ്യമൊന്നിനാൽ ലോകത്തിനു-
ശർമ്മദേ ! സർവസൗഖ്യമുടനേ ചേർത്തിടണം.

—ശ്രീ കെ. കെ. ജി. പിള്ള

---

## ഒരു രാജഭക്തൻെറ വിചാരം

(അന്നനട)

സകലലോകൈകനിലയന! ദേവ !
വികലചിത്തരെയൊട്ടുക്കിടേണമെ !
ദുരിതസിന്ധുവിലടി പെടുന്നിതാ,
പരം നിരാശ്രയരടിയങ്ങളിന്നു.
ഒരുപിടി അരി കിടയ്ക്കുവാനില്ല,
ഒരു തുള്ളികഞ്ഞി കുടിയ്ക്കുവാനില്ല,
ഒരുപിടി നെല്ലു വിലയ്ക്കുനൽകുവാ-
നൊരുവരുമില്ല, തുലഞ്ഞു ലോകവും.
ദിവാനിശം മമനൃപനിഹ ദൈവം
ഭവഭയത്തിനു ഭയാനിധിയല്ലോ
അവനകർമ്മവു മഖില സൗഖ്യവും
ഭുവനപാലകൻ സദാപി ചെയ്യുന്നു.
ഇവ പലതുമേ നിരൂപിച്ചുവാഴു-
ന്നിവൻ നൃപതിതൻ പദഭക്തനല്ലോ.
ശിവം നൃപതിയ്ക്കു വരുവാനെപ്പൊഴും-
ശിവദനെനിത്യം വണങ്ങിടുന്നു ഞാൻ.
മഹിത ബ്രിട്ടീഷു നൃപകുലം ചിരം
അഹിതദർപ്പം തീർത്തമരണം ക്ഷണം.

—ശ്രീ കെ. കെ. ജി. പിള്ള

# മററൊരുരംഗം

## (സുഭദ്ര)

### അദ്ധ്യായം III

(തുടൎച്ച)

മുന്നദ്ധ്യായത്തിൽ വിവരിച്ച സംഭവം കഴിഞ്ഞതിന്നശേഷം ഇംഗ്ലീഷുകാരൻ പോയതു നേരെ പാരീസിലേക്കാണ്. അവിടെ എത്തിയ ദിവസം വൈകുന്നേരംതന്നെ അവിടുത്തെ വിദേശമന്ത്രിയെക്കണ്ടു്. ബൽജിയം രാജാവു ഹിററ്ലൎക്കു ഒപ്പിട്ടുകൊടുത്ത ഉടമ്പടിയെപ്പററി അറിയിച്ചു.

ഇംഗ്ലീഷുകാരൻ : ബൽജിയം രാജാവിൻെറമേൽ ഇത്ര അധികം സ്വാധീനശക്തിയുള്ള ആ സ്ത്രീയെപ്പററി അറിയാമൊ?

ഫ്രഞ്ചുവിദേശമന്ത്രി ; അവരുടെ ജന്മഭൂമിയാകാനുള്ള നിർഭാഗ്യം എൻെറ രാജ്യത്തിനാണുണ്ടായിട്ടുള്ളതു്. അവരെപ്പററി വല അന്വേഷണങ്ങളും ചെയ്യുകമാത്രമല്ല, സാധിക്കുന്നപക്ഷം അവരെ ഈ ലോകരംഗത്തു നിന്നും മാററുക കൂടിചെയ്യണം. ഈ ലോകമഹായുദ്ധത്തിന്നുകൂടി കാരണം അവരാണെന്നോൎമ്മിച്ചുകൊള്ളുക.

ഇം : എന്താണിങ്ങിനെ പറയുന്നതു്? ഇവരെപ്പററി കുറേക്കൂടി വിവരങ്ങൾ എന്നെ അറിയിക്കുക. ഇങ്ങിനെ ലോകത്തിന്നു മുഴുവൻ ഒരു ബാധയായി അവർ തീൎന്നിട്ടുണ്ടെങ്കിൽ എല്ലാവരുംകൂടി പരിശ്രമിച്ചു്, സ്ത്രീയാണെന്നതു് വിസ്മരിച്ചു, അവരുടെ കഥ കഴിക്കുകതന്നെ വേണം. ഇവർ എങ്ങിനെ ഹിററ്ലറുമായി പരിചയപ്പെട്ടു?

ഫ്ര : പറയാം. ഹിററ്ലറുടെ വിജയരഹസ്യം അയാൾ സൃഷ്ടിച്ചിട്ടുള്ള ചാരചക്രവ്യൂഹമാണ്. ആ സംഘത്തിൽ സ്ത്രീകൾക്കാണ് അയാൾ പ്രാധാന്യം കൊടുത്തിട്ടുള്ളതു്. അയാൾ സ്ത്രീകളുമായി പെരുമാറുന്നതു് ഉദാസീനരീതിയിലാണെന്ന് പലരും പറയുന്നുണ്ടെങ്കിലും ഏതുരാജ്യത്തും അയാളുടെ ചാരസംഘത്തിൽ നിയമിതയായിട്ടുള്ള ഒരു സ്ത്രീയുണ്ടെന്ന് ധരിച്ചുകൊള്ളുക. അവരെല്ലാം അതാതു രാജ്യങ്ങളിൽ സൌന്ദൎയ്യത്തിന്നു കേളികേട്ടവരുമായിരിക്കും. എങ്ങിനെയാണ് ഇവരെയെല്ലാം കണ്ടുപിടിച്ചതെന്നു എനിക്കു അത്ഭുതം തോന്നാറുണ്ടു്. ഇവരുടെയെല്ലാം ആധിപത്യമാണ് നിങ്ങൾ ബൽജിയത്തിൽവെച്ചു കണ്ട സ്ത്രീക്കുള്ളതു്. അവരുടെ സല്ക്കാരം സ്വീകരിക്കാത്ത വിദേശ മന്ത്രിമാർ ചുരുങ്ങും. അതുപോലെത്തന്നെയാണ് അവരെ സൽക്കരിക്കാത്ത വിദേശ മന്ത്രികളും. ഇങ്ങിനെ യുദ്ധം തുടങ്ങുന്നതിന്നു മുൻപെതന്നെ, ഹിററ്ലൎക്കനുകൂലമായ ഒരു കക്ഷി ഈ സ്ത്രീമുഖാന്തരം ഓരോ രാജ്യത്തും സ്ഥാപിച്ചിട്ടുണ്ടു്. അതുകൊണ്ടു ഇവരെ അകററിയെങ്കിൽ ആ സ്ഥാപനം അടിയോടെ പുഴങ്ങി വീഴും. ആ സ്ഥാപനം നാമാവശേഷമാക്കിയിട്ടില്ലെങ്കിൽ നമ്മുടെ രാജ്യത്തുതന്നെ ബന്ധുക്കളാരെന്നും ശത്രുക്കളാരെന്നും തിരിച്ചറിയാൻ പ്രയാസമായിരിക്കും. ഇവിടെ വന്നിട്ടുള്ള കുഴപ്പത്തിന്നുതന്നെ കാരണം ഇതാണ്. ഇവരുടെ പ്രവൎത്തനം ഗൂഢമായിട്ടാണ്. അതുകൊണ്ടു അതിനെതിരായിട്ടുള്ള പ്രചരണവേലയും എളുപ്പമല്ല. ഇവരാകട്ടെ, അതിസുന്ദരി, ആളുകളെ മയക്കാനുള്ള സംഭാഷണചാതുൎയ്യം അവരുടെ കൂടപ്പിറവിയുമാണ്. ഈ രണ്ടായുധവും ഒരു സ്ത്രീയുടെ കയ്യിലുണ്ടെങ്കിൽ അവർ എവിടേയും വിജയപതാക പറപ്പിക്കുമെന്നതിലേക്ക് സംശയമില്ല. അതുകൊണ്ടു് ചാരവൃത്തിയിൽ, അതിസാമൎത്ഥ്യം സമ്പാദിച്ച നിങ്ങൾ ഈ സ്ത്രീയെ പിൻതുടൎന്നു, അവരുടെ തന്ത്രങ്ങൾ തടയുവാൻ ശ്രമിക്കുകയും ഒരുവിധത്തിൽ തരമുണ്ടെങ്കിൽ അവരെ ഈ വക പ്രവൎത്തനങ്ങളിൽനിന്ന് വിരമിപ്പിക്കുകയുമാണ് വേണ്ടതു്.

ഇം : അങ്ങു തന്നിട്ടുള്ള ഈ വൎത്തമാനം ഒട്ടുംതന്നെ ആശ്വാസപ്രദമല്ലല്ലോ. ഇവരുടെ സ്വാധീനശക്തിയും അസാമാന്യമായിരിക്കുന്നു. അവരുമായി ഇടപെടുന്നതും വളരെ സൂക്ഷിച്ചുവേണ്ടിയിരിക്കുന്നു. പക്ഷെ, അങ്ങു പറയുന്നപ്രകാരം ഈ ഒരാളുടെ കഥ കഴിച്ചാൽ ലോകം മുഴുവൻ സമാധാനമുണ്ടാകുമെന്നുവരുന്നപക്ഷം, അതു ഒരു മഹാപുണ്യംപോലെ ആചരിക്കുകയും വേണ്ടതാണല്ലൊ. അതുകൊണ്ടു അവർ എവിടെയാണെന്നും മററും അങ്ങേക്കറിയാമെങ്കിൽ പറയു. ഞാൻ ഇന്നു മുതല്ക്കു അവരെ പിൻതുടരാൻ നോക്കാം. അതിന്നു മുൻപായി എൻെറ രാജ്യത്തു പോയി വിദേശമന്ത്രിയോടു വിവരം അറിയിക്കുക മാത്രം വേണം.

ഫ്ര : നിങ്ങൾ അതിന്നു ഒരുങ്ങുന്നതായാൽ ലോകത്തിന്നു അതു വലിയൊരു ഉപകാരമായി പരിണമിക്കുന്നതാണ്. എന്നെ കാണാനും പരിചയപ്പെടാനും അവർ പല തവണയും ശ്രമിച്ചിട്ടുണ്ടു്. ഞാൻ ഒഴിഞ്ഞു മാറിയിരിക്കുകയാണ്. പക്ഷെ നമ്മുടെ സേനാധിപൻ അവരുടെ ഒരു ഉററമിത്രമാണ്. അതിനാൽ അവരുടെ പോക്കുവരത്തുകൾ അറിയാനുള്ള ചാരചക്ഷുസ്സു എനിക്കും ഉണ്ടു്. അവർ ഇന്നലെ രാത്രി ഇവിടെയെത്തിയതായി അറിയുന്നു. അടുത്തുതന്നെ, റോമിലേക്കു അവർ പോകുമെന്നു കേട്ടു. അവൎക്കു വിമാനങ്ങളും മററും സ്വാധീനമായിട്ടുണ്ടു്. എങ്ങോട്ടു പോകാനും അവർ ഉറയ്ക്കുകമാത്രമെ വേണ്ടു. യാത്രാസൌകൎയ്യങ്ങളൊക്കെ അച്ചുതണ്ടു ശക്തികൾ അവൎക്കു ചെയ്തുകൊടുക്കുന്നുണ്ടു്.

ഇം : നോർവേ, പോളണ്ട് എന്നീ സ്ഥലങ്ങളിലെനിക്കുണ്ടായ അനുഭവങ്ങളോൎക്കുമ്പോൾ, ആലോചനകൾക്കു പിന്നിലായി എന്തോ ചില മായാപ്രയോഗങ്ങളുണ്ടെന്നു എനിക്കു തോന്നിയിട്ടുണ്ടു്. കാൎയ്യങ്ങളുടെ ഗതി പെട്ടെന്നാണ് മാറാറുള്ളതു്.

ഫ്ര : അവിടെയെല്ലാം ഇവരുടെ സംഘത്തിൻെറ ശാഖകളുണ്ടു്.

ഇം : എന്നാൽ ഞാൻ ഇനി താമസിക്കുന്നില്ല. ഇപ്പോൾ തന്നെ അവർ താമസിക്കുന്ന ഹോട്ടലിൽ പോയി അന്വേഷിച്ചു അവർ ഇന്നു സ്ഥലം വിടുന്നുണ്ടെങ്കിൽ ഞാനും അവരെ അനുഗമിക്കാം. അല്ലെങ്കിൽ അടുത്തു പുറപ്പെടുന്ന വിമാനത്തിൽ കേറി ഇംഗ്ലണ്ടിൽ പോയിവരാം. ഏതായാലും എനിക്കു പ്രവൎത്തിക്കാനുള്ള ലക്ഷ്യം ഇനി ഇതൊന്നുമാത്രമെയുള്ളു.

ഫ്ര : അങ്ങിനെയാകട്ടെ, നിങ്ങൾക്കു സൎവ്വവിജയവും ആശംസിക്കുന്നു. (തുടരും)



ജുല്ലുന്തൂറിലെ ആണററി അസിസ്റ്റൻറു റിക്രൂട്ടിങ്ങ് ആഫീസറായ ബീഗംഷാമീം, റായൽ ഇന്ത്യൻ നേവി "ഗുഡ്‌വിൽ മിഷ"ൻെറ ഉദ്ദേശങ്ങളെപ്പററി സദസ്യൎക്കു പറഞ്ഞുകൊടുക്കുന്നു

## ഒരു വീരഭടൻ തന്റെ ഭാര്യയ്ക്കു എഴുതുന്ന കത്തു

(കല്യാണി കളവാണി—എന്ന മട്ടു്)

ഓമനേ! നിന്നെക്കാണാഞ്ഞാമയമെനിയ്ക്കുണ്ടു്
മാമക ഹൃദയത്തിൻ കെടാവിളക്കേ!
ലോകത്തിനെന്നും സമാധാനംവരുംവരെയ്ക്കും
ഭീകര സമരത്തിൽ പടവെട്ടും ഞാൻ.
കാണപ്പെട്ടുള്ള ദൈവം ലോകത്തിലരചൻതാൻ
പ്രാണവല്ലഭേ! അതു മറന്നീടൊല്ലേ!
പുഷ്ടശ്രീ ചേർന്നീടുന്ന ബ്രിട്ടൻതൻ കാരുണ്യത്താൽ
ക്ലിഷ്ടതയെല്ലാമുടൻ മാഞ്ഞുപോകും.
ഓമനേ! നിന്നെക്കാണാഞ്ഞാമയമെനിയ്ക്കുണ്ടു്
മാമക ഹൃദയത്തിൻ കെടാവിളക്കേ!

ആപത്തു ഭാവിയിലെ ഭാഗ്യദീപത്തിൻനിഴൽ,
മാമകപ്രണയിനി! മറന്നിടൊല്ലേ!
വ്യായാമം, ഖാദ്യ, പേയ, ഭോജനസൌഖ്യാദിയും
മായാത്ത യശോരാശി നമുക്കുചേർപ്പൂ.
പ്രാണപ്രേയസി! ഭവദീശ്വര ചിന്തതന്നെ
പ്രീണനം നിനക്കെന്നുമുളവാക്കിടും.
ബ്രിട്ടീഷു വിജയത്തിലെപ്പോഴും പ്രാർത്ഥിച്ചാലും
ശിഷ്ടത നമുക്കെന്നും വന്നുകൂടും.
ഓമനേ! നിന്നെക്കാണാഞ്ഞാമയമെനിയ്ക്കുണ്ടു്
മാമകഹൃദയത്തിൻ കെടാവിളക്കേ!

—ശ്രീ കെ. കെ. ജി. പിള്ള

---

## ഒരു പ്രഭാത പ്രാർത്ഥന

(നരനായിങ്ങിനെ—എന്ന മട്ടു്.)

വിജയിപ്പൂതാക! വിജയിപ്പൂതാക!
വിജയശ്രീ ബ്രിട്ടീഷ് ഹരിവീരൻ.
ദുരിതത്തിൽപെട്ടു നരകം കാണുന്നു
വരദാ! ദാരിദ്ര്യച്ചുഴലിയാൽ
വയറെല്ലാം ചുക്കിച്ചുളിവായി കണ്ണും-
കുഴിയിൽപോയ്പെട്ടു, പശിയാലെ,
ഒരുനേരം കഞ്ഞിത്തെളിപോലുംകിട്ടാ-
ഞ്ഞുഴലുന്നു കഷ്ടം ജഗദീശാ!

വികൃതികൾ ശത്രു നികരം മൂലമീ-
പ്രകൃതിലോകത്തിന്നുളവായി.
കദനമാററിനീ പരിപാലിക്കണേ!
ഭുവനനായക! കരുണാബ്ധേ!
ദുരിതമാകുമീ സമരം മാററിമേൽ
പരിചിൽ ശാന്തിദ! സുഖദമേകു.
വിജയിപ്പൂതാക! വിജയിപ്പൂതാക!
വിജയശ്രീ ബ്രിട്ടീഷ് ഹരിവീരൻ.

—ശ്രീ കെ. കെ. ജി. പിള്ള

---

## നിത്യപ്രാർത്ഥന

(മഞ്ജരി)

ഈശ്വരാ! ശാശ്വത! വിശ്വേശാ! പാഹിമാം.
വിശ്രാണനപ്രിയ! പാലയമാം
ഇന്ദിരാദേവിതൻ മന്ദിരമെന്നുടെ-
സുന്ദരഹൃത്തടമായിടട്ടെ!
കക്കശൻ കംസന്നു കാർവർണ്ണൻപോലവെ!
ചിക്കെന്നു വൈരി നിര്യാതനത്താൽ
ചൊല്ക്കൊള്ളും രാജാധിരാജനാം ബ്രിട്ടൻതൻ
സൽക്കുലം വാഴ്ക! ദീർഘകാലം.

ദാരിദ്ര്യ പാഴ്ക്കുടിൽക്കെട്ടിൽവളരുന്ന-
ഭാരതസന്താന ജാലങ്ങൾക്കു
പാരിച്ചമന്ദാരദാരുവായ് നീണാളീ-
വീരന്മാർ വാഴ്ക രാജരാജർ.
കൌടില്യകർമ്മത്തിൽ പൊന്തിവളരുന്ന
കൂടലർവംശത്തിൻ കൂമ്പുചീന്തി
സാധുജനങ്ങൾക്കു മോദമിയററിമേൽ
ബാധയൊഴിച്ചു വിളങ്ങീടട്ടെ!

—ശ്രീ കെ. കെ. ജി. പിള്ള.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.